പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 754 05.02.2020-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതി

ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ

മറുപടി

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതി ഇതിനകം എത്ര കോളനികളിൽ നടപ്പിലാക്കിയെന്ന് അറിയിക്കാമോ; | എ) | പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസന ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 101 കോളനികളെ തെരഞ്ഞെടുത്തുവെങ്കിലും 6 കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 95 കോളനികളിൽ ഡി.പി.ആർ -ന് അംഗീകാരം ലഭിച്ച 84 കോളനികളുടെ പ്രവർത്തികൾ ആരംഭിക്കുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ഇവയിൽ 61 കോളനികളുടെ പ്രവർത്തികൾ ആരംഭിക്കുകയും 3 കോളനികളിലെ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പദ്ധതി പ്രകാരം കോളനികളുടെ അടിസ്ഥാന നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പദ്ധതി നടപ്പിലാക്കി വരുന്ന 95 കോളനികളിൽ 3 കോളനികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. തെരഞ്ഞെടുത്ത 95 കോളനികളിലെയും പ്രവർത്തികൾ പൂർത്തിയാകുമ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിൽ മെച്ചപ്പെട്ട നിലവാരം കൈവരിക്കുവാൻ സാധിക്കുന്നതാണ്. |
| സി) | ഈ പദ്ധതി നടപ്പിലാക്കിയ കോളനികളിൽ പദ്ധതി പ്രകാരമുള്ള പണി പൂർത്തിയാക്കിയോ എന്ന് പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ; | സി) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവർത്തികൾ ഏജൻസിയുടെയും വകുപ്പിന്റെയും ഫീൽഡ് തല ഉദ്യോഗസ്ഥർ യഥാസമയം നിർമ്മാണ പുരോഗതി വിലയിരുത്തുകയും പൂർത്തീകരിക്കുന്ന പദ്ധതി ഘടകങ്ങളുടെ ബിൽ തുക അനുവദിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | മുന്നോടിയായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നിർമ്മാണ പുരോഗതി വിലയിരുത്താറുണ്ട്. നിർമ്മാണ പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭൗതിക പുരോഗതി മേൽപ്പറഞ്ഞ പ്രകാരം വിലയിരുത്താറുണ്ട്. |
| ഡി) | 2018-19 ൽ പ്രസ്തുത പദ്ധതിയിൻകീഴിൽ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | 2018-19 അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികളിലെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകി 2019-20-ൽ 50 കോളനികളിൽ കൂടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**